**മധുരമായ കുട്ടികളേ - നിങ്ങളുടെ കടമയാണ് എല്ലാവർക്കും സ്ഥായിയായ സുഖശാന്തിയുടെ വഴി പറഞ്ഞു കൊടുക്കുക, ശാന്തിയിൽ ഇരിക്കുക, ശാന്തിയുടെ സമ്മാനം എല്ലാവർക്കും കൊടുക്കുക.**

**ചോദ്യം:-** ഏതൊരു ഗുഹ്യമായ രഹസ്യത്തെ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് പരിധിയില്ലാത്ത ബുദ്ധി ആവശ്യമായുള്ളത്?

**ഉത്തരം:-** ഡ്രാമയുടെ ഏത് ദൃശ്യം എപ്പോൾ സംഭവിക്കണമോ ആ സമയത്തേ അത് ഉണ്ടാവൂ. ഇതിന് വളരെ കൃത്യമായ ആയുസ്സാണ്, ബാബയും തന്റെ കൃത്യമായ സമയത്താണ് വരുന്നത്, ഇതിൽ ഒരു സെക്കന്റിന്റെ പോലും വ്യത്യാസം ഉണ്ടാകുന്നില്ല. പൂർണ്ണമായും 5000 വർഷത്തിനു ശേഷമാണ് ബാബ വന്ന് പ്രവേശിക്കുന്നത്, ഈ ഗുഹ്യമായ രഹസ്യം മനസ്സിലാക്കുന്നതിനു വേണ്ടി പരിധിയില്ലാത്ത ബുദ്ധി ആവശ്യമാണ്.

**ഗീതം:-** ലോകം മാറിയാലും ഞങ്ങൾ ഈ വഴിയിൽ നിന്നും പിന്മാറില്ല.....

**ഓം ശാന്തി**. ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുന്നു കുട്ടികൾക്ക് ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കുമുള്ള വഴിയാണ് പറഞ്ഞു തരുന്നത്. ഈ സമയം എല്ലാ മനുഷ്യരും വിശ്വത്തിൽ ശാന്തിയാണ് ആഗ്രഹിക്കുന്നത്. ഓരോരുത്തരും വ്യക്തിപരമായും ആഗ്രഹിക്കുന്നു വിശ്വം മുഴുവനും ശാന്തി വേണം. ഓരോരുത്തരും മനസ്സിന്റെ ശാന്തി വേണമെന്നാണ് പറയുന്നത്. പക്ഷെ അതും എവിടെ നിന്നും ലഭിക്കാനാണ്. ശാന്തി സാഗരൻ ഒരേയൊരു ബാബ തന്നെയാണ്, അവരിൽ നിന്നും ശാന്തിയുടെ സമ്പത്ത് ലഭിക്കുന്നു. വ്യക്തിപരമായും ലഭിക്കുന്നുണ്ട് ഹോൾസെയിലായും (മൊത്തമായും) ലഭിക്കുന്നുണ്ട് അതായത് എല്ലാവർക്കും ലഭിക്കുന്നു. ഏത് കുട്ടികളാണോ പഠിക്കുന്നത് അവർക്ക് മനസ്സിലാക്കാൻ സാധിക്കും ഞങ്ങൾ ശാന്തിയുടെ സമ്പത്ത് നേടുന്നതിനായി അവനവനു വേണ്ടിയുള്ള പുരുഷാർത്ഥം ചെയ്യുന്നു, മറ്റുള്ളവർക്ക് വഴിയും പറഞ്ഞു കൊടുക്കുന്നു. സമ്പത്തെടുക്കാൻ ആരു വന്നെങ്കിലും ഇല്ലെങ്കിലും വിശ്വത്തിൽ ശാന്തി ഉണ്ടായേ മതിയാകൂ. കുട്ടികളുടെ കടമയാണ് എല്ലാവർക്കും ശാന്തി നൽകുക എന്നുള്ളത്. രണ്ടോ നാലോ പേർക്ക് സമ്പത്ത് ലഭിക്കുന്നതിലൂടെ എന്തുണ്ടാകാനാണ്. ആർക്കെങ്കിലും വഴി പറഞ്ഞു കൊടുക്കും, പക്ഷെ നിശ്ചയമില്ലാത്തതു കാരണം മറ്റുള്ളവരെ തനിക്ക് സമാനമാക്കി മാറ്റാൻ സാധിക്കുന്നില്ല. നിശ്ചയ ബുദ്ധികൾക്കറിയാം ബാബയിൽ നിന്നും നമുക്ക് വരം ലഭിച്ചു കൊണ്ടിരിക്കുകയാണ്. വരദാനം നൽകാറുണ്ടല്ലോ. ആയുഷ്മാൻ ഭവ, ധനവാൻ ഭവ എന്നെല്ലാം പറയാറുണ്ട്. കേവലം പറയുന്നതിലൂടെ ആശീർവാദം ലഭിക്കില്ല. ആശീർവാദം യാചിക്കുന്നവരോട് നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കണം നിങ്ങൾക്ക് ശാന്തി വേണമെങ്കിൽ ഈ രീതിയിലുള്ള പുരുഷാർത്ഥം ചെയ്യൂ. പ്രയത്നത്തിലൂടെ മാത്രമേ സർവ്വതും ലഭിക്കൂ. ഭക്തി മാർഗ്ഗത്തിൽ എത്ര ആശീർവാദമാണ് നേടുന്നത്. മാതാ, പിതാ, ടീച്ചർ, ഗുരു എല്ലാവരിൽ നിന്നും യാചിക്കുന്നു- ഞങ്ങൾ സുഖിയും ശാന്തിയുമായി ഇരിക്കണമെന്ന്. പക്ഷെ ഇത്രയും ധാരാളം മനുഷ്യർക്ക് എങ്ങനെ സുഖശാന്തി ലഭിക്കും അതുകൊണ്ട് എല്ലാവർക്കുമൊന്നും സുഖശാന്തിയോടെ ജീവിക്കാൻ സാധിക്കില്ല. ശാന്തിദേവാ എന്ന മഹിമയും പാടുന്നുണ്ട്. എല്ലാവരുടെയും ബുദ്ധിയിൽ വരുന്നുണ്ട് - അല്ലയോ പരംപിതാ പരമാത്മാവേ, ഞങ്ങൾക്ക് ശാന്തിയുടെ സമ്മാനം നൽകൂ. വാസ്തവത്തിൽ സമ്മാനം എന്നത് ഒരു വസ്തു എടുത്തു കൊടുക്കുന്നതാണ്. പറയുന്നു, ഇത് നിങ്ങൾക്കുള്ള സമ്മാനമാണെന്ന്. ബാബ പറയുന്നു മറ്റുള്ളവർ എത്ര തന്നെ സമ്മാനം നൽകിയാലും, ധനത്തിന്റെ, കെട്ടിടത്തിന്റ വസ്ത്രത്തിന്റെ..... അതെല്ലാം അൽപ്പകാലത്തേക്കുള്ള ദാനപുണ്യകർമ്മങ്ങളാണ്. മനുഷ്യർ മറ്റുള്ള മനുഷ്യർക്ക് നൽകുന്നു. ധനവാന്മാർ ദരിദ്രർക്കോ അഥവാ ധനവാന്മാർക്കോ തന്നെ നൽകുന്നു. ഇവിടെ നാം കൊടുക്കുന്നത് സ്ഥിരമായ സുഖശാന്തിയുടെ സമ്പത്താണ്. ഇവിടെ ഒരു ജന്മത്തേക്കുള്ള സുഖശാന്തി പോലും അവർക്ക് നൽകാൻ സാധിക്കില്ല കാരണം അവരുടെ പക്കൽ ഇല്ല. നൽകുന്ന ആൾ ഒരേയൊരു ബാബയാണ്. ബാബയെ സുഖ-ശാന്തി- പവിത്രതയുടെ സാഗരൻ എന്നാണ് പറയപ്പെടുന്നത്. ഉയർന്നതിലും ഉയർന്ന ഭഗവാന്റെ തന്നെ മഹിമയാണ് പാടുന്നത്. അവരിൽ നിന്നു മാത്രമേ ശാന്തി ലഭിക്കൂ എന്നു മനസ്സിലാക്കുന്നു. പിന്നീട് സാധു സന്യാസിമാരുടെ പക്കലേക്കും പോകുന്നു. കാരണം ഭക്തി മാർഗ്ഗമല്ലേ എല്ലായിടത്തും അലഞ്ഞു കൊണ്ടിരിക്കും. അതെല്ലാം അൽപ്പ കാലത്തെ പുരുഷാർത്ഥമാണ്. നിങ്ങൾ കുട്ടികളുടെ ഇങ്ങനെയുള്ളതെല്ലാം ഇപ്പോൾ അവസാനിച്ചു. നിങ്ങൾ എഴുതുന്നുമുണ്ട് പരിധിയില്ലാത്ത അച്ഛനിൽ നിന്നും നൂറു ശതമാനം പവിത്രത, സുഖം, ശാന്തിയുടെ

സമ്പത്ത് നേടാൻ സാധിക്കും. ഇവിടെ നൂറുശതമാനം അപവിത്രത, ദു:ഖം, അശാന്തിയാണ് പക്ഷെ മനുഷ്യർ മനസ്സിലാക്കുന്നില്ല. ഋഷി മുനിമാർ പവിത്രമായവർ എന്നാണ് അവർ മനസ്സിലാക്കുന്നത്. പക്ഷെ അവർ ജനിച്ചതും വികാരത്തിലൂടെത്തന്നെയാണല്ലോ. മുഖ്യമായ കാര്യം തന്നെ ഇതാണ് രാവണരാജ്യത്തിൽ ഒരിക്കലും പവിത്രത ഉണ്ടാകില്ല. പവിത്രത സുഖം എന്നിവയുടെ സാഗരം ഒരേയൊരു ബാബ തന്നെയാണ്.

നിങ്ങൾക്കറിയാം നമുക്ക് ശിവബാബയിൽ നിന്നും 21 ജന്മത്തേക്ക് അതായത് അരക്കൽപ്പം 2500 വർഷത്തേക്കുള്ള സമ്പത്താണ് ലഭിക്കുന്നത്. ഇത് ഗ്യാരണ്ടിയാണ്. അരക്കൽപ്പം സുഖധാമം അരകൽപ്പം ദു:ഖധാമം. സൃഷ്ടിക്ക് രണ്ടു ഭാഗങ്ങൾ ഉണ്ട് - ഒന്ന് പുതിയത്, ഒന്ന് പഴയത്. പക്ഷെ എപ്പോഴാണ് പുതിയത്, എപ്പോഴാണ് പഴയതാകുന്നത് എന്ന് അറിയുന്നില്ല. വൃക്ഷത്തിന്റെ ആയുസ്സ് കൃത്യമായി പറയാൻ സാധിക്കുന്നില്ല. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ ഈ വൃക്ഷത്തെക്കുറിച്ച് അറിഞ്ഞു കഴിഞ്ഞു. ഇത് 5000 വർഷത്തിന്റെ പഴയ വൃക്ഷമാണ്, ഇതിന്റെ കൃത്യമായ ആയുസ്സിനെക്കുറിച്ച് നിങ്ങൾക്കറിയാം, മറ്റുള്ള വൃക്ഷങ്ങളുടെയെല്ലാം ആയുസ്സിനെക്കുറിച്ച് ആർക്കും അറിയില്ല, ഏകദേശ കണക്ക് പറയാറുണ്ടല്ലോ. കൊടുങ്കാറ്റടിച്ചു, വൃക്ഷം വീണു, ആയുസ്സ് പൂർത്തിയായി. മനുഷ്യരുടെയും പെട്ടെന്നുള്ള മരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പരിധിയില്ലാത്ത വൃക്ഷത്തിന്റെ ആയുസ്സ് പൂർണ്ണമായും 5000 വർഷമാണ്. ഇതിൽ ഒരു ദിവസം പോലും കുറവോ കൂടുതലോ ഉണ്ടാകില്ല. ഇത് പൂർവ്വ നിശ്ചിതമായ വൃക്ഷമാണ് ഇതിൽ വ്യത്യാസമേ ഉണ്ടാകില്ല. ഡ്രാമയിൽ ഏത് ദൃശ്യം ഏത് സമയം സംഭവിക്കണമോ ആ സമയത്തു തന്നെ ഉണ്ടാകും. വീണ്ടും അത് തന്നെ ആവർത്തിക്കും. ആയുസ്സും വളരെ കൃത്യമാണ് ബാബയ്ക്കും പുതിയ ലോകം സ്ഥാപിക്കാനായി വരേണ്ടതുണ്ട്. കൃത്യമായ സമയത്താണ് വരുന്നത്. അതിൽ ലേശം പോലും വ്യത്യാസമുണ്ടാവില്ല. ഇപ്പോൾ നിങ്ങളുടെ പരിധിയില്ലാത്ത ബുദ്ധിയായി. നിങ്ങൾക്കു മാത്രമേ ഇത് മനസ്സിലാക്കാൻ സാധിക്കൂ. പൂർണ്ണമായും 5000 വർഷങ്ങൾക്കു ശേഷം ബാബ വന്ന് പ്രവേശിക്കുന്നു, അതുകൊണ്ടാണ് ശിവരാത്രി എന്നു പറയപ്പെടുന്നത്. കൃഷ്ണന്റെ ജന്മാഷ്ടമി എന്നാണ് പറയുന്നത് ശിവന്റേത് ജന്മാഷ്ടമി എന്നു പറയില്ല ശിവന്റേത് രാത്രി എന്നു പറയുന്നു കാരണം അഥവാ ജന്മം എടുത്തുവെങ്കിൽ മരണവും ഉണ്ടാവുമല്ലോ. മനുഷ്യരുടേത് ജന്മദിനം എന്നു പറയും. ശിവന്റെ എപ്പോഴും ശിവരാത്രി എന്നേ പറയൂ. ലോകത്തുള്ളവർക്ക് ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. എന്തുകൊണ്ട് ശിവരാത്രി എന്നു പറയുന്നു, ജന്മാഷ്ടമി എന്നു പറയുന്നില്ല എന്നുള്ളതിനെക്കുറിച്ച് നിങ്ങൾക്കറിയാം. ശിവന്റെ ജന്മം ദിവ്യവും അലൗകികവുമാണ് മറ്റാരുടേതും അങ്ങനെ ആയിരിക്കില്ല. ശിവൻ എപ്പോൾ എങ്ങനെ വരുന്നു എന്നുള്ളതും ആർക്കും അറിയില്ല. ശിവരാത്രിയുടെ അർത്ഥം എന്താണെന്ന് നിങ്ങൾക്കേ അറിയൂ. ഇത് പരിധിയില്ലാത്ത രാത്രിയാണ്. ഭക്തിയുടെ രാത്രി പൂർത്തിയായി പകൽ ഉണ്ടാകുന്നു. ബ്രഹ്മാവിന്റെ രാത്രിയും പകലുമാണെങ്കിൽ അത് ബ്രാഹ്മണരുടേതുമാകുമല്ലോ. ഒരു ബ്രഹ്മാവിന്റെ മാത്രം കളി ഉണ്ടാകില്ലല്ലോ. നിങ്ങൾക്കറിയാം ഇപ്പോൾ പകൽ ആരംഭിക്കണം. പഠിച്ച് പഠിച്ച് തന്റെ വീട്ടിലേക്ക് എത്തിച്ചേർന്നാൽ പിന്നീട് പകലിലേക്ക് വരും. അരക്കൽപ്പം പകൽ അരക്കൽപ്പം രാത്രി എന്നാണ് പറയുന്നത്, എന്നാൽ ആരുടെയും ബുദ്ധിയിലേക്ക് ഇത് വരുന്നില്ല. ലോകത്തിലുള്ള മനുഷ്യർ പറയാറുണ്ട് കലിയുഗത്തിന്റെ ആയുസ്സ് 40,000 വർഷങ്ങൾ ബാക്കിയുണ്ട്. സത്യയുഗത്തിന്റേത് ലക്ഷക്കണക്കിന് വർഷങ്ങളാണെന്നും. അപ്പോൾ പകുതി-പകുതി എന്ന കണക്ക് ശരിയായിരിക്കില്ല. കൽപ്പത്തിന്റെ ആയുസ്സ് ആർക്കും അറിയില്ല. നിങ്ങൾ മുഴുവൻ വിശ്വത്തിന്റെയും ആദി-മധ്യാന്ത്യത്തെക്കുറിച്ച് അറിയുന്നു. 5000 വർഷങ്ങൾക്ക് ശേഷം സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. വിശ്വം ഇതുതന്നെയാണ്, ഇതിൽ പാർട്ട് അഭിനയിച്ചഭിനയിച്ച് മനുഷ്യർ തന്നെ വളരെയധികം കഷ്ടപ്പെട്ടിരിക്കുകയാണ്. ഇത് എന്തൊരു പോക്കുവരവാണ്. അഥവാ 84 ലക്ഷം ജന്മങ്ങളുടെ പോക്കുവരവാണെങ്കിൽ എന്തു സംഭവിക്കും എന്നേ അറിയില്ല. അറിവില്ലാത്തതു കാരണം കൽപ്പത്തിന്റെ ആയുസ്സിനെ വർദ്ധിപ്പിച്ചു ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയിൽ നിന്നും സന്മുഖത്തിരുന്ന് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഉള്ളിൽ ഈയൊരു അനുഭൂതി ഉണ്ട് ഞങ്ങൾ പ്രാക്ടിക്കലായി ഭഗവാന്റെ സന്മുഖത്ത് ഇരിക്കുകയാണ്. പുരുഷോത്തമ സംഗമയുഗത്തിനും തീർച്ചയായും വരണം. എപ്പോഴാണ് വരുന്നത് എങ്ങനെയാണ് വരുന്നത് - ഇതാർക്കും അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയുന്നുവെങ്കിൽ എത്ര ഗദ്ഗദം ഉണ്ടായിരിക്കണം. നിങ്ങൾ തന്നെയാണ് കൽപ്പ കൽപ്പം ബാബയിൽ നിന്നും സമ്പത്ത് നേടുന്നത് അതായത് മായയുടെ മേൽ വിജയിക്കുന്നതും തോറ്റുപോകുന്നതും. ഇത് പരിധിയില്ലാത്ത ജയവും തോൽവിയുമാണ്. സാധാരണ രാജാക്കന്മാർക്കും വളരെ പ്രാവശ്യം ജയ-പരാജയങ്ങൾ സംഭവിക്കുന്നുണ്ട്. അനേകം യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ചെറിയൊരു യുദ്ധം ഉണ്ടായി എങ്കിൽ പറയുന്നു ഞങ്ങൾ ഇപ്പോൾ വിജയിച്ചു. എന്ത് വിജയിക്കാനാണ് ? ചെറിയൊരു തുണ്ട് രാജ്യത്തിനു മേൽ വിജയിച്ചു. വലിയ യുദ്ധത്തിൽ പരാജയപ്പെടുകയാണെങ്കിൽ പിന്നീട് കൊടി താഴ്ത്തും. ആദ്യമാദ്യം ഒരൊറ്റ രാജാവേ ഉണ്ടായിരുന്നുള്ളൂ. പിന്നീടാണ് വൃദ്ധി ഉണ്ടാകുന്നത്. ആദ്യമാദ്യം ഈ ലക്ഷ്മീ

നാരായണന്മാരുടെ രാജ്യമായിരുന്നു. പിന്നീട് മറ്റുള്ള രാജാക്കന്മാർ ആരംഭിച്ചു. എങ്ങനെയാണോ പോപ്പിന്റേത് കാണിക്കുന്നത് ആദ്യം ഒരാളേ ഉണ്ടായിരുന്നുള്ളൂ പിന്നീട് നമ്പർവൈസായി മറ്റുള്ള പോപ്പുകൾ വരാൻ തുടങ്ങി. ആരുടേയും മരണം നിശ്ചിതമല്ലല്ലോ.

നിങ്ങൾ കുട്ടികൾക്കറിയാം ബാബ നമ്മെ അമരന്മാരാക്കി മാറ്റുകയാണ്. അമരപുരിയിലെ അധികാരിയാക്കി മാറ്റുകയാണ് അപ്പോൾ എത്ര സന്തോഷം ഉണ്ടായിരിക്കണം. ഇത് മൃത്യു ലോകമാണ് അത് അമരലോകവും. ഈ കാര്യങ്ങളൊന്നും പുതിയവർക്കാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. പഴയവർക്കുണ്ടാകുന്ന ലഹരി അവർക്ക് ഉണ്ടാകണമെന്നില്ല. ഓരോ ദിവസം കൂടുന്തോറും വൃദ്ധി പ്രാപിച്ചു വരുന്നു. നിശ്ചയം പക്കയാകുന്നു. ഇതിൽ സഹനശീലതയും വളരെയധികം വേണം. ഇത് ആസുരീയ ലോകമാണ്, ദു:ഖം കൊടുക്കുന്നതിൽ ഒട്ടും താമസിക്കില്ല. നിങ്ങൾ ആത്മാക്കൾക്കറിയാം നമ്മളിപ്പോൾ ബാബയുടെ ശ്രീമതം അനുസരിച്ചാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. നമ്മൾ സംഗമയുഗത്തിലാണ് ബാക്കിയെല്ലാവരും കലിയുഗത്തിലും. നമ്മൾ ഇപ്പോൾ പുരുഷോത്തമരായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ പഠിപ്പിലൂടെ മാത്രമേ ആത്മാക്കൾ ഉത്തമരായി മാറൂ. പഠിപ്പിലൂടെയല്ലേ ചീഫ് ജസ്റ്റീസൊക്കെ ആകുന്നത്. ബാബ നിങ്ങളെ പഠിപ്പിക്കുന്നു ഈ പഠിപ്പിലൂടെ തന്നെയാണ് തന്റെ പുരുഷാർത്ഥമനുസരിച്ചുള്ള പദവിയും ലഭിക്കുന്നത്. ആര് എത്രത്തോളം പഠിക്കുന്നു അതനുസരിച്ചുള്ള പദവിയും ലഭിക്കുന്നു. ഇവിടെ രാജ്യ പദവിക്ക് ഗ്രേഡ് ഉണ്ട്. മറ്റ് പഠിപ്പിൽ രാജ്യപദവിയുടെ ഗ്രേഡ് ഉണ്ടാവുകയില്ല. നിങ്ങൾക്കറിയാം നമ്മൾ രാജാക്കന്മാരുടേയും രാജാവായി മാറുകയാണ് അപ്പോൾ ഉള്ളിൽ എത്ര സന്തോഷം ഉണ്ടായിരിക്കണം. നമ്മൾ ഡബിൾ കിരീടധാരികൾ വളരെ ഉയർന്നവരായി മാറുന്നു. ഭഗവാനായ അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നത്. നിരാകാരൻ എങ്ങനെ പഠിപ്പിക്കുന്നു എന്നുള്ളത് ആർക്കും മനസ്സിലാക്കാൻ സധിക്കില്ല. മനുഷ്യർ വിളിക്കുന്നുണ്ട് അല്ലയോ പതിതപവനാ വന്ന് ഞങ്ങളെ പാവനമാക്കൂ. എന്നിട്ടും പാവനമാകുന്നില്ല. ബാബ പറയുന്നു കാമം മഹാ ശത്രുവാണ്. നിങ്ങൾ ഒരു വശത്ത് പതിതപാവനാ വരൂ എന്നു വിളിച്ചുകൊണ്ടിരിക്കുന്നു, ഇപ്പോൾ ഞാൻ വന്നിട്ട് നിങ്ങളുടെ പതിത സംസ്കാരത്തെ ഉപേക്ഷിക്കാൻ പറയുമ്പോൾ നിങ്ങൾ എന്തുകൊണ്ട് ഉപേക്ഷിക്കുന്നില്ല. ബാബ നിങ്ങളെ പാവനമാക്കാൻ വരുന്നു നിങ്ങൾ പതിതമായിത്തന്നെ ഇരിക്കുന്നു- അങ്ങനെ പാടില്ലല്ലോ. ധാരാളം പേർ അങ്ങനെ പതിതരാകുന്നുണ്ട്. ചിലർ സത്യം പറയാറുണ്ട്, ബാബ എന്നിൽ നിന്നും തെറ്റ് സംഭവിച്ചു. ബാബ പറയുന്നു, എന്തെങ്കിലും പാപ കർമ്മം സംഭവിച്ചു എങ്കിൽ ഉടൻ തന്നെ പറയണം. ചിലർ സത്യം പറയുന്നു ചിലർ അസത്യവും. ആര് ചോദിക്കാനാണ്? ഞാൻ ഓരോരുത്തരുടേയും ഉള്ള് അറിയുന്നില്ലല്ലോ. ഞാൻ കേവലം അഭിപ്രായം നൽകാനാണ് വരുന്നത്. പാവനമാകുന്നില്ലെങ്കിൽ നിങ്ങൾക്കു തന്നെയാണ് ബുദ്ധിമുട്ട്. പുരുഷാർത്ഥം ചെയ്ത് പാവനമായി പിന്നീട് വീണ്ടും പതിതമായാൽ ചെയ്ത സമ്പാദ്യം മുഴുവനും നഷ്ടപ്പെടും. ഞാൻ സ്വയം പതിതമയി എന്ന ലജ്ജ ഉണ്ടാകും. പിന്നീട് മറ്റുള്ളവരോട് പാവനമാകൂ എന്ന് എങ്ങനെ പറയാൻ സാധിക്കും? ഞാൻ എത്ര ആജ്ഞയാണ് ലംഘിച്ചത് എന്ന് ഉള്ളിൽ കുത്തിക്കൊണ്ടിരിക്കും. ഇവിടെ നിങ്ങൾ ബാബയോട് നേരിട്ട് പ്രതിജ്ഞ ചെയ്യുന്നു, അറിയാം ബാബ നമ്മെ സുഖധാമത്തിന്റേയും ശാന്തിധാമത്തിന്റേയും അധികാരിയാക്കിയാണ് മാറ്റുന്നത്. അധികാരി നമ്മുടെ മുന്നിൽ തന്നെയുണ്ട് നമ്മൾ അവരുടെ സന്മുഖത്താണ് ഇരിക്കുന്നത്. ബ്രഹ്മാബാബയിൽ ആദ്യം ഈ ജ്ഞാനം ഉണ്ടായിരുന്നില്ലല്ലോ. മറ്റൊരു ഗുരുക്കന്മാർക്കും ജ്ഞാനം നൽകാനും സാധിച്ചിട്ടില്ല. അഥവാ ഗുരുവിന് ജ്ഞാനം ഉണ്ടെങ്കിൽ ഒരാൾക്ക് മാത്രമായി നൽകില്ലല്ലോ. ഗുരുക്കന്മാർക്ക് ധാരാളം അനുയായികൾ ഉണ്ടാകും ഒരാൾ മാത്രമായിരിക്കില്ല. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. സദ്ഗുരു ഒന്നു മാത്രമാണ് അവർ നമുക്ക് വഴി പറഞ്ഞു തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ എല്ലാവരോടും പറയണം- ബാബയെ ഓർമ്മിക്കൂ. ഉയർന്നതിലും ഉയർന്ന ബാബയെ ഓർമ്മിക്കുന്നതിലൂടെ ഉയർന്ന പദവി ലഭിക്കുന്നു. നിങ്ങൾ രാജാക്കന്മാരുടെയും രാജാവായി മാറുന്നു. നിങ്ങളുടെ അടുത്ത് അളവറ്റ ധനം ഉണ്ടാകും. നിങ്ങൾ അവനവന്റെ സഞ്ചിയാണ് നിറയ്ക്കുന്നത്. നിങ്ങൾക്കറിയാം ബാബ നമ്മുടെ സഞ്ചി നന്നായി നിറച്ചു തരികയാണ്. കുബേര രാജാവിന്റെ അടുത്ത് ഒരുപാട് ധനം ഉണ്ടെന്ന് പറയുമായിരുന്നു. വാസ്തവത്തിൽ നിങ്ങൾ ഓരോരോരോത്തരും കുബേരന്മാരാണ്. നിങ്ങൾക്ക് വൈകുണ്ഠമാകുന്ന ഖജനാവാണ് ലഭിച്ചിരിക്കുന്നത്. ഈശ്വരനെ കൂട്ടുകാരനായി കൂടെ വയ്ക്കുന്നതിന്റെ ഒരു കഥയുമുണ്ട്. ഈശ്വരനുമായി സംബന്ധം വെക്കുന്നവർക്ക് ഒരു ദിവസത്തേയ്ക്കു വേണ്ടി ചക്രവർത്തീപദവി ലഭിക്കുന്നു. ഇതെല്ലാം ഇപ്പോഴത്തെ ഉദാഹരണങ്ങളാണ്. അല്ലാഹു അർത്ഥം അച്ഛൻ, അവർ അലാവുദ്ദീൻ രചയിതാവാണ്. പിന്നീട് സാക്ഷാത്കാരം ഉണ്ടാകുന്നു. നിങ്ങൾക്കറിയാം നമ്മൾ യോഗബലത്തിലൂടെ വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാപിതാവായ

ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ഈ ആസുരീയ ലോകത്തിൽ വളരെയധികം സഹനശീലരായിരിക്കണം. ആര് തന്നെ ആക്ഷേപിച്ചാലും ദുഃഖം നൽകിയാലും സഹിക്കണം. ബാബയുടെ ശ്രീമതം ഒരിക്കലും ഉപേക്ഷിക്കരുത്.

2)നേരിട്ട് ബാബ പാവനമാകാനുള്ള ആജ്ഞ നൽകിയിരിക്കയാണ്. അതുകൊണ്ട് ഒരിക്കലും പതിതമാകരുത്. ഒരിക്കലും ഏതൊരു പാപവും ഒളിപ്പിച്ചു വയ്ക്കരുത്.

## വരദാനം:- ഏകനാമിയും ഇക്കോണമിയും(ഒന്നിനെ മാത്രം ഓർമ്മിക്കുന്നവരും മിതവ്യയം ചെയ്യുന്നവരും) എന്ന പാഠത്തിലൂടെ ചഞ്ചലതയിലും അചഞ്ചലരും ദൃഢതയുള്ളവരുമായി ഭവിക്കട്ടെ.

സമയപ്രമാണം വായുമണ്ഡലത്തിൽ അശാന്തിയും ചഞ്ചലതയും വർദ്ധിച്ചുവരികയാണ്. അങ്ങനെയുള്ള സമയത്ത് അചഞ്ചലരും ദൃഢതയുള്ളവരുമായിരിക്കുന്നതിന് വേണ്ടി ബുദ്ധിയുടെ ലൈൻ വളരെ ക്ലിയറായിരിക്കണം. ഇതിനുവേണ്ടി സമയപ്രമാണം ടച്ചിങ്ങ് പവറിന്റെയും ക്യാച്ചിങ്ങ് പവറിന്റെയും (സൂചനയുടെയും പിടിച്ചെടുക്കുന്നതിന്റെയും ശക്തി) ആവശ്യകതയുണ്ട്. ഇത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഏകനാമിയും ഇക്കോണമിയുമുള്ളവരായി മാറൂ. ഏകനാമിയും ഇക്കോണമിയും ചെയ്യുന്ന കുട്ടികളുടെ ലൈൻ ക്ലിയറായിരിക്കുന്നത് കാരണം ബാപ്ദാദയുടെ നിർദ്ദേശം സഹജമായി പിടിച്ചെടുത്ത് ചഞ്ചലതയിലും അചഞ്ചലരും ദൃഢതയുള്ളവരുമായിരിക്കുന്നു.

## സ്ലോഗൻ:- സ്ഥൂലവും സൂക്ഷ്മവുമായ ആഗ്രഹങ്ങളെ ത്യാഗം ചെയ്യൂ എങ്കിൽ ഏത് പ്രശ്നങ്ങളെയും നേരിടാൻ സാധിക്കും.

**അവ്യക്ത സൂചനകൾ:- സ്വയവും സർവ്വരെ പ്രതിയും മനസാ ദ്വാരാ യോഗത്തിന്റെ ശക്തികളുടെ പ്രയോഗം ചെയ്യൂ.**

ഇപ്പോൾ മനസാ സേവനത്തിന്റെ ക്വാളിറ്റിയെ വർദ്ധിപ്പിക്കൂ എങ്കിൽ ക്വാളിറ്റിയുള്ള ആത്മാക്കൾ സമീപത്ത് വരും, ഇതിൽ ഡബിൾ സേവനം അടങ്ങിയിട്ടുണ്ട്-സ്വയത്തിന്റെയും മറ്റുള്ളവരുടെയും. സ്വയത്തിന് വേണ്ടി വേറെ പ്രയത്നിക്കേണ്ടി വരില്ല. പ്രാലബ്ധം പ്രാപ്തമാണ്, അങ്ങിനെയുള്ള സ്ഥിതിയുടെ അനുഭവം ഉണ്ടാകും. ഈ സമയത്തിന്റെ ശ്രേഷ്ഠ പ്രാലബ്ധമാണ്- "സദാ സ്വയം സർവ്വ പ്രാപ്തികളാലും സമ്പന്നമായിരിക്കുക, സമ്പന്നമാക്കുക".